ഫാ. ജോസഫ് കാവുംപുറം

കാരക്കുന്നം: കാരക്കുന്നം ഇടവക കാവുംപുറം കുടുംബാംഗവും കോതമംഗലം രൂപത വൈദികനുമായ ഫാ. ജോസഫ് കാവുംപുറം (78) നിര്യാതനായി. മൃതദേഹം ഇന്നു വൈകിട്ട് അഞ്ചു മുതൽ കാരക്കുന്നം ഇളങ്ങവത്തുള്ള സഹോദരൻ ആന്റണിയുടെ ഭവനത്തിൽ പൊതുദർശനത്തിന് വയ്ക്കും. സംസ്കാര ശുശ്രൂഷകൾ നാളെ പത്തിന് ഭവനത്തിൽ ആരംഭിച്ച് 11 മുതൽ കാരക്കുന്നം സെന്റ് മേരീസ് പള്ളിയിൽ പൊതുദർശനത്തിന് വയ്ക്കും. തുടർന്ന് രണ്ടിന് സമൂഹബലിയോടെ സംസ്കരിക്കും. കാവുപുറം പരേതരായ ജോസഫ്-ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1937 ൽ ജനിച്ചു. 1964ൽ വൈദികപട്ടം സ്വീകരിച്ചു. ആരക്കുഴ, പെരുമ്പല്ലൂർ പള്ളികളിലെ അസിസ്റ്റന്റ് വികാരിയായും ഇഞ്ചൂർ, തെന്നത്തൂർ, ചെപ്പുകുളം, മീൻകുന്നം, എഴുകുംവയൽ, നെടുങ്ങപ്ര, അരിക്കുഴ, കദളിക്കാട്, ആയിരമേക്കർ, കൂമ്പൻപാറ, പരീക്കണ്ണി, വെളിയേൽച്ചാൽ, കലൂർ, കാവക്കാട് പള്ളികളിലെ വികാരിയായും, രൂപതയിലെ സൊഡാലിറ്റി, ഹരിജൻ കത്തോലിക്ക മഹാജനസഭ, ആയിരമേക്കർ ഐറ്റിസി എന്നിവയുടെ ഡയറക്ടറായും പരീക്കണ്ണി എസ്റ്റേറ്റിന്റെ മാനേജരായും സേവനം അനുഷ്ഠിച്ച ശേഷം 2012 സെപ്റ്റംബർ മുതൽ വാഴപ്പിള്ളിയിലുള്ള ശാന്തിനിലയം വൈദിക മന്ദിരത്തിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. സഹോദരങ്ങൾ: ജോർജ്, മാത്യു, ആന്റണി, ജോൺ, തോമസ്, കുര്യൻ, പരേതരായ പൗലോസ്, ലൂയീസ്.

കോട്ടയം കൊച്ചി പരസ്യം ഉണ്ട്.

ഓൾ എഡിഷൻ വാർത്ത കൊടുക്കണം.